3224
23/2/21

'ഭരണഭാഷ-മാതൃഭാഷ'

**കേരള സർക്കാർ**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം - കോഴിക്കോട് ഗവൺമെന്റ് ഫിസിക്കൽ എഡ്യുക്കേഷൻ കോളേജിൽ 7 അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഫിസിക്കൽ എഡ്യുക്കേഷൻ തസ്തിക സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ്**

**സ.ഉ.( കൈ)നം.124 /2021/ഉ.വി.വ.** **തീയതി, തിരുവനന്തപുരം, 19/02/2021**

---

പരാമർശം :- കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 20.02.2020, 10.11.2020 എന്നീ തീയതികളിലെ ബി1/68317/ 2019/കോ.വി.വ നമ്പർ കത്തുകൾ.

**ഉത്തരവ്**

കോഴിക്കോട് ഗവൺമെന്റ് ഫിസിക്കൽ എഡ്യുക്കേഷൻ കോളേജിൽ 7 അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശ പരാമർശം (1) പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കോഴിക്കോട് ഗവൺമെന്റ് ഫിസിക്കൽ എഡ്യുക്കേഷൻ കോളേജിൽ 7 അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഫിസിക്കൽ എഡ്യുക്കേഷൻ തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ.വി.വേണു**

**അഡീഷണൽ ചീഫ് സെക്രട്ടറി**

കോപ്പി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ, ഗവൺമെന്റ് ഫിസിക്കൽ എഡ്യുക്കേഷൻ കോളേജ്, കോഴിക്കോട് (കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, നാഗമ്പടം, കോട്ടയം.
ധനകാര്യ വകുപ്പ് (UO(f)No.EDN -B3/12/2021/Fin തീയതി 06.02.2021 )
പൊതുഭരണ (എസ്.സി) വകുപ്പ് 17.02.2021 ലെ ഇനം നം.4767 പ്രകാരം)
www.highereducation.kerala.gov.in
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

4998168/2021/H EDN

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-02-2021

ഫയൽ നം. സി1/68/2020/H.Edn. ഇനം നം: 4767

വിഷയം : ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോഴിക്കോട് ഗവ. ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിൽ 7 അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഫിസിക്കൽ എഡ്യൂക്കേഷൻ തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

Office of the Additional Chief Secretary
Higher Education & Environment Departments
18/2

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | സി1/68/2020/HEdn. |
| 2 | വകുപ്പ് | : : | ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ് |
| 3 | വിഷയം | : | ഉന്നത വിദ്യാഭ്യാസം - കോഴിക്കോട് ഗവ. ഫിസിക്കൽ എഡ്യുക്കേഷൻ കോളേജിൽ 7 അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഫിസിക്കൽ എഡ്യുക്കേഷൻ തസ്തിക സൃഷ്ടിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി. | : | 15.02.2021 |
| 5 | (1) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ | : | അതെ |
| | (2) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധന വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. വിജയകുമാർ.ആർ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വി.വേണു |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി. | : | 16/02/21 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി. | : | 16/02/21 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ഡോ.കെ.ടി. ജലീൽ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : | 16/02/21 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി. | : | 16/02/21 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | 17/02/21 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും. . | : | സ.ഉ.(കൈ) നം.124/2021/ഉ.വി.വ തീയതി 19/02/2021 |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കോഴിക്കോട് ഗവ. ഫിസിക്കൽ എഡ്യുക്കേഷൻ കോളേജിൽ ഫിസിക്കൽ എഡ്യുക്കേഷൻ അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പിലെ വിഷയം. കായിക വിദ്യാഭ്യാസത്തിനും സ്പോർട്സിനും മാത്രമായി ഉന്നത വിദ്യാഭ്യാസ മേഖലയിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഏക സ്ഥാപനമാണ് കോഴിക്കോട് ഗവൺമെന്റ് കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ . കായികാദ്ധ്യാപക പരിശീലനം നൽകുന്ന ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഏക സ്ഥാപനം കൂടിയാണിത്. കാലിക്കറ്റ് സർവ്വകലാശാലയുടെ അഫിലിയേഷനോട് കൂടി ബിരുദ തലത്തിൽ 3 വർഷ ബി.പി.എഡ്, 4 വർഷ ബി.പി.എഡ് ഇന്റർഗ്രേറ്റഡ് കോഴ്സ്, 2 വർഷ ബിരുദാനന്തര ബിരുദ എം.പി.എഡ് കോഴ്സ് എന്നിവയാണ് നിലവിൽ ടി സ്ഥാപനത്തിലുള്ളത്. ടി കോഴ്സുകൾക്ക് NCTE നിർദ്ദേശിച്ച കരിക്കുലം അനുസരിച്ച് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ നിലവിൽ ഈ കോളേജിലുണ്ട്.

2. പ്രസ്തുത കോളേജിൽ വർക്ക് ലോഡ് പ്രകാരം അനുവദനീയമായ അസിസ്റ്റൻറ് പ്രൊഫസർ തസ്തികകൾ 18 ആണെന്നും നിലവിൽ അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിൽ 9 പേരും ഒരു നോൺ യു.ജി.സി അധ്യാപകനും ഉൾപ്പടെ 10 അധ്യാപകർ ടി കോളേജിൽ സേവനം ചെയ്യുന്നുണ്ടെന്നും കോളേജ് വിദ്യാഭ്യാസ വകുപ്പ് അറിയിച്ചിട്ടുണ്ട്. പി . ജി . വെയിറ്റേജ് ഒഴിവാക്കിയ വർക്ക് ലോഡ് 282 ഉം പ്രസ്തുത വർക്ക് ലോഡ് പ്രകാരം ഇനി ആവശ്യമുള്ള തസ്തികകളുടെ എണ്ണം '7' ആണെന്നും കോളേജ് വിദ്യാഭ്യാസ വകുപ്പ് അറിയിച്ചിരിക്കുന്നു.

3. മേൽ ശിപാർശ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ ചേർക്കുന്ന റിമാർക്സാണ് ലഭ്യമാക്കിയിട്ടുള്ളത്.

"മതിയായ ജോലി ഭാരം ഉള്ളതിനാൽ (16 മണിക്കൂർ വർക്ക് ലോഡിന്റെ അടിസ്ഥാനത്തിൽ) കോഴിക്കോട് ഗവൺമെന്റ് കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷനിൽ ഭരണ വകുപ്പ് ശുപാർശ ചെയ്തിരിക്കുന്ന 7 അസിസ്റ്റന്റ് പ്രൊഫസറുടെ അദ്ധ്യാപക തസ്തികകൾ ബഹു. മന്ത്രിസഭയുടെ അംഗീകാരത്തിനു വിധേയമായി സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നു.

ഈ തീരുമാനത്തിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരവുമുണ്ട്."

4. ഏഴ് അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഫിസിക്കൽ എഡ്യുക്കേഷൻ തസ്തിക സൃഷ്ടിക്കുമ്പോൾ സർക്കാരിനുണ്ടാകുന്ന വാർഷിക സാമ്പത്തിക ബാധ്യത 47,19,120/- രൂപ(നാല്പത്തി ഏഴ് ലക്ഷത്തി പത്തൊമ്പതിനായിരത്തി നൂറ്റി ഇരുപത് രൂപ മാത്രം )

(സ്കെയിൽ ഓഫ് പേ :15600-39100(ഡി.എ-148%)=56180/- ഒരു തസ്തികയ്ക്കുള്ള വാർഷിക സാമ്പത്തിക ബാധ്യത - 6,74,160/- രൂപ, ഏഴ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയ്ക്കുള്ള വാർഷിക സാമ്പത്തിക ബാധ്യത 7 * 6,74,160= 47,19,120/- രൂപ.)

5. കോഴിക്കോട് ഗവ. ഫിസിക്കൽ എഡ്യുക്കേഷൻ കോളേജിൽ 7 അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഫിസിക്കൽ എഡ്യുക്കേഷൻ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ബഹു മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

1) ധനകാര്യ വകുപ്പ് അംഗീകരിച്ചതിൻ പ്രകാരം കോഴിക്കോട് ഗവൺമെന്റ് ഫിസിക്കൽ എഡ്യുക്കേഷൻ കോളേജിൽ 7 അസിസ്റ്റൻറ് പ്രൊഫസർ ഇൻ ഫിസിക്കൽ എഡ്യുക്കേഷൻ തസ്തിക സൃഷ്ടിക്കാമോ ?